ഭരണഭാഷ മാതൃഭാഷ

നം. ഇ.എക്സ്.സി.-4231-2017-എക്സ്.എ.7

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം.
തീയതി: 17.07.2017

# സർക്കുലർ

വിഷയം:- അബ്കാരി - വിനോദ സഞ്ചാര മേഖലകളിലെ അബ്കാരി ലൈസൻസ് സ്ഥാപനങ്ങളിലും ടൂറിസം സെന്ററുകളിലും ഹോട്ടലുകളിലും മറ്റ് അനുബന്ധ സ്ഥാപനങ്ങളിലും പ്രദേശങ്ങളിലും പരിശോധന നടത്തുന്നതിന് എക്സൈസ് ഉദ്യോഗസ്ഥരെ അധികാരപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:- 1) 23.06.2016 തീയതിയിലെ എക്സ് എ 7- 5074/2016-ാം നമ്പർ സർക്കുലർ.
2) 14.07.2017 തീയതിയിൽ ബഹു: എക്സൈസ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ മിനിറ്റ്സ്.

വിനോദ സഞ്ചാര മേഖലകളിലെ അബ്കാരി ലൈസൻസ് സ്ഥാപനങ്ങളിലും ടൂറിസം സെന്ററുകളിലും ഹോട്ടലുകളിലും മറ്റ് അനുബന്ധ സ്ഥാപനങ്ങളിലും പ്രദേശങ്ങളിലും പരിശോധന നടത്തുന്നതിന് സൂചന (1) സർക്കുലർ പ്രകാരം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്കാണ് അധികാരം നൽകിയിട്ടുള്ളത്. 14.07.2017 തീയതിയിൽ എക്സൈസ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ, **കേരളാ അബ്കാരി നിയമവും അനുബന്ധ ചട്ടങ്ങളും** അനുശാസിക്കുന്ന രീതിയിൽ അധികാരപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും വിനോദ സഞ്ചാര മേഖലകളിലെ അബ്കാരി ലൈസൻസ് സ്ഥാപനങ്ങളിലും ടൂറിസം സെന്ററുകളിലും ഹോട്ടലുകളിലും മറ്റ് അനുബന്ധ സ്ഥാപനങ്ങളിലും പ്രദേശങ്ങളിലും പരിശോധന നടത്തുന്നതിനുള്ള അനുമതി നൽകികൊണ്ട് സൂചന (1) സർക്കുലർ പിൻവലിച്ചിട്ടുള്ളതാകുന്നു.

വിനോദ സഞ്ചാര മേഖലകളിൽ പരിശോധന നടത്തുമ്പോൾ വകുപ്പിന്റെ യശസ്സിന് അവമതിപ്പ് ഉണ്ടാകാതിരിക്കുന്നതിനും പരാതികൾക്ക് ഇടയാകാതിരിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

എക്സൈസ് കമ്മീഷണർ

പകർപ്പ്:-

ജോയിന്റ് എക്സൈസ് കമ്മീഷണർമാർ, (മേഖലകൾ)
ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ (എല്ലാ ഡിവിഷനുകളും)
അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (എല്ലാ ഡിവിഷനുകളും)